**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2026 ഫെബ്രുവരി 02, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: പയ്യന്നൂരിൽ പോലീസിനെ സ്റ്റീൽ ബോംബ് എറിഞ്ഞ കേസിൽ 20 വർഷം തടവിന് ശിക്ഷിക്കപ്പെട്ട സി.പി.ഐ. (എം.) ക്രിമിനലുകൾക്ക് അനധികൃതമായി പരോൾ നൽകിയ സംഭവം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഐ. സി. ബാലകൃഷ്ണൻ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ പര്യാപ്തമായ അടിയന്തര പ്രാധാന്യമില്ലാത്തതിനാൽ ആദ്യ സബ്മിഷനായി വിഷയം ഉന്നയിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): പയ്യന്നൂരിൽ പോലീസിനെ സ്റ്റീൽ ബോംബ് എറിഞ്ഞ കേസിൽ ശിക്ഷിക്കപ്പെട്ട പ്രതികൾക്ക് പരോൾ നൽകിയതുമായി ബന്ധപ്പെട്ട ഗുരുതരവിഷയം ചട്ടം 50 പ്രകാരം ചർച്ച ചെയ്യാൻ അനുവദിക്കാത്തത് അത്യന്തം ഖേദകരമാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): തടവുകാർക്ക് നിയമവും ചട്ടവും പ്രകാരമാണ് പരോൾ അനുവദിക്കുന്നത്. പ്രസ്തുത വിഷയം അടിയന്തര പ്രാധാന്യമുള്ളതല്ലാത്തതിനാൽ ചർച്ച ചെയ്യേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ

ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## II ശ്രദ്ധ ക്ഷണിക്കൽ

അധികമായി ഈടാക്കിയ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് തിരികെ നൽകൽ

ശ്രീ. കെ. ബാബു (നെന്മാറ): കെട്ടിടനിർമ്മാണ ചട്ടങ്ങൾപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ്, ലേ ഔട്ട് അപ്രൂവലിനുള്ള സ്ക്രൂട്ടിനി ഫീസ് എന്നിവയുടെ വർധിപ്പിച്ച നിരക്കിന്റെ അറുപത് ശതമാനം പിൻവലിച്ചുകൊണ്ട് 1-8-2024 മുതൽ പ്രാബല്യത്തിൽ കുറവ് വരുത്തുകയും അധികമായി ഈടാക്കിയ തുക 31-03-2025-ന് മുമ്പായി തിരികെ നൽകണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. റീഫണ്ടിനായി നിശ്ചയിച്ചിരുന്ന സമയപരിധി 30-9-2025 വരെ ദീർഘിപ്പിച്ചിരുന്നെങ്കിലും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അധികമായി ഈടാക്കിയ പെർമിറ്റ് ഫീസ് നാളിതുവരെ തിരികെ നൽകിയിട്ടില്ല. തുക തിരികെ നൽകാത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ച് തുടർനടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): പുതിയ നിരക്ക് പ്രകാരം അധികമായി ഈടാക്കിയ പെർമിറ്റ് ഫീസ് തിരികെ നൽകണമെന്ന സർക്കാർ ഉത്തരവ് ലംഘിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുക കൈവശം വച്ചിരിക്കുന്നത് നിയമവിരുദ്ധമാണെന്നതിനാൽ കർശന നടപടി സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. റീഫണ്ടിനായി അപേക്ഷ നൽകുന്നതിനുള്ള കാലയളവ് 15-2-2026 വരെ ദീർഘിപ്പിക്കുകയും ലഭ്യമായ എല്ലാ അപേക്ഷകളിലും അർഹമായ തുക 28-2-2026-നകം നൽകുന്നതിന് തദ്ദേശസ്വയംഭരണ സെക്രട്ടറിമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. റീഫണ്ട് നൽകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സെക്രട്ടറിമാരുടെയും വിവരങ്ങൾ ലഭ്യമാക്കാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(നോട്ടീസ് നൽകിയ അംഗം ശ്രീ. ടി. സിദ്ദിഖ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

## III സബ്മിഷൻ

(1) പൂക്കാട് പാലം നിർമ്മാണം

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: പൂക്കാട് പാലം നിർമ്മാണത്തിനാവശ്യമായ തുക അനുവദിച്ച് അടിയന്തര തുടർനടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പൂക്കാട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ഭരണ വകുപ്പിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് അനുഭാവപൂർവം പരിഗണിക്കുന്നതാണ്.

(2) ആലത്തൂർ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് വാഹനം അനുവദിക്കൽ

ശ്രീ. കെ. ഡി. പ്രസേനൻ: ആലത്തൂർ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് വാഹനം വാങ്ങുന്നതിന് അഡ്വാൻസ് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-24-ലെ ആസ്തി വികസന ഫണ്ടിൽനിന്ന് ആലത്തൂർ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് വാഹനം വാങ്ങുന്നതിനായി ഫണ്ട് അനുവദിച്ചെങ്കിലും ബന്ധപ്പെട്ട വകുപ്പ് ബിൽ ട്രഷറിയിൽ സമർപ്പിക്കാത്തതിനാലാണ് തുക വിനിയോഗിക്കപ്പെടാതിരുന്നത്. സ്കൂൾ ബസ്സുകൾ വാങ്ങുന്നതിന് അഡ്വാൻസ് തുക നേരിട്ട് വാഹന നിർമ്മാതാവിന് നൽകുന്നതിനുള്ള പൊതുവായ അനുമതി ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങുന്നതിനുള്ള ഭരണാനുമതിയുടെ കാലാവധി 31-03-2026 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പ് ബിൽ സമർപ്പിക്കുന്നമുറയ്ക്ക് തുക അനുവദിക്കുന്നതാണ്. അഡ്വാൻസായി തുക നൽകി ബസ്സ് വാങ്ങുന്നതിന് നിലവിൽ യാതൊരു സാമ്പത്തിക തടസ്സവുമില്ല.

(3) പെരിങ്ങാട് പുഴയെ കണ്ടൽ റിസർവ് വനമാക്കുന്ന നടപടി പിൻവലിക്കൽ

ശ്രീ. മുരളി പെരുനെല്ലി: പെരിങ്ങാട് പുഴയെ കണ്ടൽ റിസർവ് വനമാക്കുന്ന നടപടി പിൻവലിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): 1980-ലെ വനം (സംരക്ഷണ) നിയമത്തിലെ 2023-ലെ ഭേദഗതിയും സുപ്രീംകോടതിയുടെ ഗോദവർമ്മൻ കേസിലെ വിധിയുംപ്രകാരം സർക്കാർ ഗസറ്റിൽ വനമായി വിജ്ഞാപനം ചെയ്ത ഭൂമിയുടെ നോട്ടിഫിക്കേഷൻ റദ്ദാക്കുന്നതിന് ഹൈക്കോടതി അനുമതിയും കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയും ലഭ്യമാകുന്നമുറയ്ക്ക് പ്രാഥമിക വിജ്ഞാപനം പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പുഴയിൽ അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കം ചെയ്ത് നദിയുടെ ഒഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(4) ബാലുശ്ശേരി ജി.എച്ച്.എസ്. - ജി.വി.എച്ച്.എസ്.എസ്. ലയനം

ശ്രീ. കെ. എം. സച്ചിൻദേവ്: ബാലുശ്ശേരി ജി.എച്ച്.എസ്-ജി.വി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ ലയനം അടുത്ത അധ്യയന വർഷം മുതൽ പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ബാലുശ്ശേരി ജി.എച്ച്.എസ് - ജി.വി.എച്ച്.എസ്.എസ്. സ്കൂളുകളുടെ ലയനം സാമ്പത്തിക ലാഭമുണ്ടാക്കുമെന്നും വിദ്യാർഥികൾക്ക് നിലവിലുള്ളതിനേക്കാൾ മെച്ചപ്പെട്ട പഠന കായിക അന്തരീക്ഷം ലഭിക്കുമെന്നുമുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ച് അടിയന്തരമായി ഈ വിഷയത്തിന്മേൽ ചർച്ച നടത്തി തീരുമാനം കൈക്കൊള്ളുന്നതാണ്.

(5) ചന്തപ്പാലം-വടയാർ-മുളക്കുളം റോഡ്

ശ്രീമതി സി. കെ. ആശ: ചന്തപ്പാലം-വടയാർ-മുളക്കുളം റോഡ് നിർമ്മാണത്തിലുള്ള തടസ്സം നീക്കി പ്രവൃത്തി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): കെ.എസ്.ടി.പി. മുഖാന്തരം നടപ്പാക്കിവരുന്ന ചന്തപ്പാലം-വടയാർ-മുളക്കുളം റോഡിന്റെയും വടയാർ-കല്ലാട്ടിപ്പാലം-മുട്ടചിറ റോഡിന്റെയും നിർമ്മാണം ഏറ്റെടുത്ത കരാറുകാരനെ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ ടെർമിനേറ്റ് ചെയ്യുകയും ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്കായി 145.21 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. റീ-ടെൻഡർ തുക ടെൻഡർ തുകയെക്കാളും അധികമായതിനാൽ കെ.എസ്.ടി.പി.-യുടെ സ്റ്റിയറിങ് കമ്മിറ്റി ടെൻഡർ അംഗീകാരത്തിനായി സമർപ്പിക്കുന്നമുറയ്ക്ക് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

(6) ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട്

ശ്രീ. ജോബ് മൈക്കിൾ: ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളിൽ 17 വകുപ്പുകളുടെ 220 ശിപാർശകൾ പൂർണ്ണമായും 19 വകുപ്പുകളുടെ ശിപാർശകൾ ഭാഗികമായും നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള ശിപാർശകൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് ബഹു.

മുഖ്യമന്ത്രി വകുപ്പ് സെക്രട്ടറിമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ ബഹിഷ്കരിച്ച് സഭവിട്ട് പുറത്തുപോയി.)

## IV ധനകാര്യം

### 2026-2027 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ: ബജറ്റിനെ അനുകൂലിക്കുന്നു. തൊഴിലുറപ്പ് തൊഴിലാളികൾ, ആശാ പ്രവർത്തകർ, അങ്കണവാടി വർക്കർമാർ, സാക്ഷരതാ പ്രേരക്മാർ, പ്രീ-പ്രൈമറി അധ്യാപകർ, സ്കൂൾ പാചകത്തൊഴിലാളികൾ എന്നിവരുടെ വേതനവും കാൻസർ, ലെപ്രസി, ക്ഷയം, എയ്ഡ്സ് രോഗബാധിതർ, പത്രപ്രവർത്തകർ എന്നിവരുടെ പ്രതിമാസ പെൻഷനും വർധിപ്പിച്ചത് അഭിനന്ദനാർഹമാണ്. സ്കൂൾ വിദ്യാർഥികൾക്കും ഓട്ടോറിക്ഷാ-ടാക്സി തൊഴിലാളികൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തിയതും ബിരുദ വിദ്യാഭ്യാസം സൗജന്യമാക്കിയതും കിഫ്ബി മുഖാന്തരം സംസ്ഥാനത്ത് 96,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചതും ശ്ലാഘനീയമാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് തുക അനുവദിക്കാനും സാക്ഷരതാ പ്രേരക്മാരെ സ്ഥിരപ്പെടുത്താനും നടപടി സ്വീകരിക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ബജറ്റിനെ അനുകൂലിക്കുന്നു. സർവതല സ്പർശിയായ ബജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. സ്കൂൾ ക്ലാസ് മുറികൾ ആധുനികവൽക്കരിക്കുകയും പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുകയും ഉച്ചഭക്ഷണ പദ്ധതി വൈവിധ്യവൽക്കരിക്കുകയും ചെയ്ത നടപടി സ്വാഗതാർഹമാണ്. കാട്ടായിക്കോണം യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കി മാറ്റാനും അങ്കണവാടി ജീവനക്കാർക്കുള്ള വേതനം വർധിപ്പിക്കാനും നടപടി സ്വീകരിക്കണം. ശബരി റെയിൽപാത തിരുവനന്തപുരം വരെ ദീർഘിപ്പിക്കാനാവശ്യമായ തുക ബജറ്റിൽ വകയിരുത്തണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ബജറ്റിനെ അനുകൂലിക്കുന്നു. അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചതും ക്ഷേമ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാനായതും നിയമന നിരോധനം ഒഴിവാക്കാനായതും നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കാനായതും അഭിമാനാർഹമാണ്. സ്ത്രീ സുരക്ഷയ്ക്കും മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസുരക്ഷയ്ക്കും തീരദേശ റോഡുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനും മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിനും ബജറ്റിൽ തുക അനുവദിച്ചത് സർക്കാരിന്റെ പ്രതിബദ്ധത

വ്യക്തമാക്കുന്നു. എറണാകുളം-കൊടുങ്ങല്ലൂർ-ഗുരുവായൂർ-കുറ്റിപ്പുറം റെയിൽപ്പാതക്ക് സ്ഥലം അനുവദിക്കാനും കയ്പമംഗലം തീരപ്രദേശങ്ങളിൽ ടെട്രാപോഡ്, ജിയോ ട്യൂബ് എന്നിവ സ്ഥാപിക്കാനും കുടിവെള്ളക്ഷാമം പരിഹരിക്കാനും നടപടി സ്വീകരിക്കണം. പ്രവാസികളുടെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് കൂടുതൽ പണം അനുവദിക്കാനും അവരുടെ പെൻഷൻ വർധിപ്പിക്കാനും മഴവെള്ളം പ്രയോജനപ്പെടുത്തുന്ന ബൃഹത് പദ്ധതി ആരംഭിക്കാനും നടപടി സ്വീകരിക്കണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ബജറ്റിനെ അനുകൂലിക്കുന്നു. പൈതൃക സംരക്ഷണത്തിനായി തുക വകയിരുത്തിയതും വരുമാനം വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചതും അഭിനന്ദനാർഹമാണ്. റവന്യൂ കമ്മി കുറയ്ക്കാനും നികുതി വരുമാനം വർധിപ്പിക്കാനും സാധിച്ചത് മികച്ച ധനകാര്യ മാനേജ്മെന്റിനെ സൂചിപ്പിക്കുന്നു. കടപ്പത്രം പുറപ്പെടുവിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചത് ശ്രദ്ധേയമാണ്. തുറവൂർ-പമ്പ ഹൈവേ യാഥാർഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. പി. മമ്മിക്കുട്ടി: ബജറ്റിനെ അനുകൂലിക്കുന്നു. നവകേരള സൃഷ്ടിക്ക് ഉതകുന്ന തരത്തിലുള്ള ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. സമസ്ത മേഖലകളിലെ ജീവനക്കാരെയും ബജറ്റിൽ പരിഗണിച്ചിട്ടുണ്ട്. ഹൃദയം/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിൽ സാധ്യമാക്കിയതും സമയബന്ധിതമായി റേഷൻ വിതരണം നടപ്പാക്കിയതും കേരളത്തെ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി പ്രഖ്യാപിച്ചതും പട്ടയ മേള സംഘടിപ്പിച്ചതും ശ്ലാഘനീയമാണ്. തനത് വരുമാനം വർധിപ്പിച്ച് അഭിമാനകരമായ നിരവധി പദ്ധതികൾ നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ഐക്കോൺസിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനായി നോൺ പ്ലാൻ ഇനത്തിൽ തുക വകയിരുത്തണം.

ശ്രീ. കെ. ആൻസലൻ: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ പാകുന്നതിനും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമുതകുന്ന ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ തുടർപ്രവർത്തനങ്ങൾക്കാവശ്യമായ തുക അനുവദിക്കണം. കരമന-കളിയിക്കാവിള അന്തർ സംസ്ഥാനപാതയിലെ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള 17 കിലോമീറ്റർ റോഡിന്റെ

ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള തുടർപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കണം. 2026-27 വർഷത്തെ ക്ഷേമ പെൻഷനുകൾ നൽകുന്നതിന് 14,500 കോടി രൂപ, മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിക്ക് 3,720 കോടി രൂപ, കണക്ട് ടു സ്കോളർഷിപ്പ് പദ്ധതിക്ക് 400 കോടി രൂപ എന്നിങ്ങനെ വകയിരുത്തിയത് ശ്രദ്ധേയമാണ്. കുടുംബശ്രീ എ.ഡി.എസ്.-കൾക്ക് പ്രവർത്തന ഗ്രാന്റ് അനുവദിച്ചതും അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ, ആശാ വർക്കർമാർ, പ്രീ-പ്രൈമറി അധ്യാപകർ, സാക്ഷരതാ പ്രേരക്മാർ എന്നിവരുടെ പ്രതിമാസ വേതനത്തിൽ 1000 രൂപ വർധിപ്പിച്ചതും സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുമെന്നും കുടിശ്ശിക ഡി.എ. അനുവദിക്കുമെന്നും പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. ചെലവും റവന്യൂ കമ്മിയും പൊതുകടവും കുറച്ചും വരുമാനം വർധിപ്പിച്ചും വികസന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ സാമൂഹ്യവികാസത്തിനും ജനക്ഷേമ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുന്ന ബജറ്റാണിത്. സാമൂഹ്യസുരക്ഷാ പെൻഷനുകൾക്കായി 14,500 കോടി രൂപ വകയിരുത്തിയതും ആശാ പ്രവർത്തകരുടെയും അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം വർധിപ്പിച്ചതും മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിക്കായി തുക അനുവദിച്ചതും സ്വാഗതാർഹമാണ്. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദ വിദ്യാഭ്യാസം സൗജന്യമാക്കിയതും ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്കോളർഷിപ്പുകൾക്കായി 370 കോടി രൂപ നീക്കിവച്ചതും അഭിനന്ദനാർഹമാണ്. 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കിയതും 29000 റോബോട്ടിക് കിറ്റുകൾ വിതരണം ചെയ്തതും ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങൾ വർധിപ്പിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. ആരോഗ്യ മേഖലയ്ക്കായി 2500 കോടി രൂപയും കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് 700 കോടി രൂപയും വയനാട് പുനരധിവാസത്തിനായി 750 കോടി രൂപയും തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപയും വകയിരുത്തിയത് സ്വാഗതാർഹമാണ്. ആലുവ ജല ശുദ്ധീകരണ ശാലയിലെ വൈദ്യുതി തകരാർ പരിഹരിക്കുന്നതിന് നാലര കോടി രൂപ അനുവദിക്കണം. പള്ളിപ്പുറം പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനായി തയ്യാറാക്കിയ പദ്ധതി പ്രാവർത്തികമാക്കുകയും കടൽവെള്ളം ശുദ്ധീകരിക്കുന്നതിനുള്ള ഡീസാലിനേഷൻ പ്ലാന്റ് പൂർത്തീകരിക്കുകയും ചെയ്യണം. വൈപ്പിൻ നിയോജകമണ്ഡലത്തിലെ ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്താനും

കടലിനടിയിലൂടെയുള്ള തുരങ്കപാതയും പുതുവൈപ്പ് ഓഷനേറിയം യാഥാർഥ്യമാക്കാനും മുനമ്പം ഫിഷിങ് ഹാർബർ വികസിപ്പിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എ. പ്രഭാകരൻ: ബജറ്റിനെ അനുകൂലിക്കുന്നു. സമസ്ത മേഖലയിലും വിസ്മയകരമായ വികസന പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അങ്കണവാടി വർക്കർമാരുടെ പെൻഷൻ വർധിപ്പിക്കുന്നതിനും കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും റേഷൻ വ്യാപാരികളുടെ ക്ഷേമനിധി ആനുകൂല്യം വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. വി. ശ്രീനിജൻ: ബജറ്റിനെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സമസ്ത മേഖലകളിലും വികസനപ്രവർത്തനങ്ങൾ നടത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കോലഞ്ചേരി ബൈപ്പാസ് പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. അഹമ്മദ് ദേവർകോവിൽ: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതും സമസ്ത ജനവിഭാഗങ്ങളുടെയും മുന്നേറ്റത്തിനുതകുന്നതുമായ നിർദേശങ്ങളടങ്ങിയ ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതി, കണക്ട് ടു വർക്ക് സ്കോളർഷിപ് പദ്ധതി, നേറ്റിവിറ്റി കാർഡ് നൽകുന്ന പദ്ധതി എന്നിവയ്ക്ക് തുക നീക്കിവച്ചതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട്, പ്ലാൻ ഫണ്ട് എന്നിങ്ങനെ വിവിധയിനങ്ങളിലായി തുക അനുവദിച്ചതും പഞ്ചായത്ത് മെമ്പർമാർ, കൗൺസിലർമാർ എന്നിവരുടെ ഓണറേറിയം വർധിപ്പിച്ചതും സ്വാഗതാർഹമാണ്. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കമ്മീഷൻ പ്രഖ്യാപിച്ചതോടൊപ്പം അവശേഷിക്കുന്ന ഡി.എ./ഡി.ആർ. ഗഡുക്കൾ പൂർണ്ണമായും നൽകുമെന്നും പങ്കാളിത്ത പെൻഷനുപകരം അഷ്വേർഡ് പെൻഷൻ സ്കീം നടപ്പിലാക്കുമെന്നും പ്രഖ്യാപിച്ചത് അഭിനന്ദനാർഹമാണ്. അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ആശാ വർക്കർമാരുടെയും പ്രീ-പ്രൈമറി അധ്യാപകരുടെയും പ്രതിമാസ വേതനവും കാൻസർ, ലെപ്രസി, എയ്ഡ്സ്, ക്ഷയരോഗ ബാധിതരുടെ പ്രതിമാസ പെൻഷനും 1000 രൂപ വീതം വർധിപ്പിച്ചത് ശ്ലാഘനീയമാണ്. സാമൂഹ്യ പരിഷ്കർത്താവ് ഷെയ്ഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമന്റെ പേരിൽ ചരിത്രഗവേഷണ സെന്റർ, അയ്യങ്കാളി പഠന കേന്ദ്രം, കാവാരികുളം കണ്ടൻകുമാരൻ പഠന ഗവേഷണ കേന്ദ്രം, മാർ ഇവാനിയോസ് മ്യൂസിയം തുടങ്ങിയവയ്ക്ക് തുക വകയിരുത്തിയത് ശ്രദ്ധേയമാണ്. സമസ്ത മേഖലകളെയും സമന്വയിപ്പിച്ച

സമഗ്രമായ ദിശാബോധത്തോടുകൂടിയ ബജറ്റാണിത്.

<u>ശ്രീ. എം. വിജിൻ</u>: ബജറ്റിനെ അനുകൂലിക്കുന്നു. മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതി, കണക്ട് ടു വർക്ക് സ്കോളർഷിപ് പദ്ധതി, സാമൂഹ്യക്ഷേമ പെൻഷൻ എന്നിവയ്ക്ക് തുക അനുവദിച്ചതും അങ്കണവാടി-ആശാ വർക്കർമാർ, സാക്ഷരതാ പ്രേരക്മാർ എന്നിവരുടെ പ്രതിമാസ വേതനത്തിലും കാൻസർ, ലെപ്രസി രോഗബാധിതർക്കുള്ള പെൻഷൻ തുകയിലും 1000 രൂപ വീതവും സ്കൂൾ പാചകത്തൊഴിലാളികളുടെ ദിവസവേതനത്തിൽ 25 രൂപയുടെയും വർധനവ് വരുത്തിയത് അഭിമാനകരമാണ്. ഡിഗ്രിതലം വരെ സൗജന്യ വിദ്യാഭ്യാസം ഏർപ്പെടുത്തിയ ഏക സംസ്ഥാനം കേരളമാണ്. ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ വിദ്യാർഥികൾക്ക് അപകട ലൈഫ് ഇൻഷ്വറൻസും ഹരിതകർമ്മ സേനാംഗങ്ങൾക്കും ഓട്ടോ/ടാക്സി തൊഴിലാളികൾക്കും ഗ്രൂപ്പ് ഇൻഷ്വറൻസും ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം ശ്ലാഘനീയമാണ്. സർക്കാർ ജീവനക്കാരുടെ കുടിശ്ശിക ഡി.എ. പൂർണ്ണമായും നൽകാൻ തീരുമാനിച്ചതും ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾക്ക് പ്രവർത്തന ഗ്രാന്റ് നൽകുന്ന പദ്ധതി പ്രഖ്യാപിച്ചതും പട്ടികജാതി വിഭാഗത്തിലെ വിദ്യാർഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് തുക വകയിരുത്തിയതും തനത് നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കാൻ സാധിച്ചതും മാതൃകാപരമാണ്. കണ്ണൂർ ജില്ലയിലെ കൈത്തറി സൊസൈറ്റികൾക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് ധനസഹായം നൽകുന്നതിനും നിർമ്മാണത്തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കുന്നതിനും ഉത്തരകേരളത്തിലെ ക്ഷേത്രങ്ങളിലെ പുതിയതായി നിയമിക്കപ്പെട്ട ആചാരസ്ഥാനികർക്കും കോലധാരികൾക്കും പെൻഷൻ അനുവദിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. പ്രേംകുമാർ:</u> ബജറ്റിനെ അനുകൂലിക്കുന്നു. കേരള ജനതയെ ഒന്നാകെ ചേർത്തുപിടിക്കുന്ന ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിലെ ആദ്യത്തെ വനിതാ സ്വകാര്യ വ്യവസായ പാർക്കിനും ആദ്യത്തെ ഭിന്നശേഷി സൗഹൃദ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനും തുടക്കം കുറിച്ചത് അഭിമാനകരമാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുകയും ഡൊമസ്റ്റിക് വയലൻസ് ഷെൽട്ടർ ഹോം ജീവനക്കാരുടെ വേതനവും കുഞ്ചൻ നമ്പ്യാർ സ്മാരകത്തിനുള്ള ഗ്രാന്റും കാലോചിതമായി വർധിപ്പിക്കുകയും വേണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ:</u> ബജറ്റിനെ അനുകൂലിക്കുന്നു. നവകേരള സൃഷ്ടിക്കുതകുന്ന നിരവധി പദ്ധതികളാണ് ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുമെന്നും ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഡിഗ്രി

തലംവരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കുമെന്നുമുള്ള പ്രഖ്യാപനവും വനിതാ സംരംഭക പാർക്കിനും വിവിധ റോഡുകൾക്കും മേൽപ്പാലങ്ങൾക്കും തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. പട്ടാമ്പി താലൂക്കാശുപത്രിയുടെ നവീകരണം പൂർത്തിയാക്കുന്നതിനും മുനിസിപ്പൽ ടവറിന്റെ നിർമ്മാണം യാഥാർഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. മപ്പാട്ടുകരയിലെ റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മാണത്തിന് തുക വകയിരുത്തിയ നടപടി സ്വാഗതാർഹമാണ്. ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് എ.എസ്. ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം. സ്കൂൾ കൗൺസിലർമാരുടെ വേതനം വർധിപ്പിക്കുന്നതിനും കാൻസർ പോലുള്ള മാരകരോഗങ്ങളുടെ ചികിത്സ സൗജന്യമാക്കുന്നതിനും വയനാട് ദുരന്തത്തിൽ വീടുകൾ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എം. നൗഷാദ്: ബജറ്റിനെ അനുകൂലിക്കുന്നു. സമസ്ത മേഖലകളെയും സ്പർശിച്ചുകൊണ്ടുള്ള വികസന പദ്ധതികൾ നടപ്പാക്കികൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ ജനങ്ങളുടെമേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കാതെ സംസ്ഥാനത്തിന്റെ തനതുവരുമാനം വർധിപ്പിച്ച നടപടി അഭിമാനാർഹമാണ്. ഇരവിപുരം നിയോജകമണ്ഡലത്തിലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനും ആർ.ഒ.ബി.-കൾക്കും ഇൻഡോർ സ്റ്റേഡിയത്തിനും തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. മയ്യനാട് ഐ.ടി.ഐ.-ക്ക് സ്ഥലം വാങ്ങുന്നതിന് 2 കോടി രൂപയും ഇരവിപുരം പാലം നിർമ്മാണത്തിന് 8 കോടി രൂപയും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

(സഭ ഉച്ചയ്ക്കുശേഷം 1.42-ന് പിരിഞ്ഞു)